അബ്കാരി വ്യവസ്ഥകൾ

105 (4161) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ 2010-11 അബ്കാരി വർഷത്തിലേക്ക് രൂപീകരിച്ച നയത്തിലെ മദ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുതകുന്ന വ്യവസ്ഥകൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പഞ്ചായത്ത് രാജ് നഗരപാലിക ആക്ടിലെ മദ്യനിരോധനം സംബന്ധിച്ച 232,447 വകുപ്പുകൾ പുനഃസ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മദ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുതകുന്ന വ്യവസ്ഥകൾ ഒന്നും തന്നെ 2010-11 മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പുനഃസ്ഥാപിക്കേണ്ടതില്ല എന്നതാണ് എക്സൈസ് വകുപ്പിന്റെ നിലപാട്.

ഓണക്കാലത്ത് വ്യാജമദ്യം തടയുന്നതിന് നടപടി

106 (4162) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്സവകാലങ്ങളിൽ സംസ്ഥാനത്ത് വ്യാജമദ്യം വ്യാപകമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ്, എക്സൈസ്, സെയിൽസ് ടാക്സ്, റവന്യൂ മുതലായ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വ്യാജമദ്യം തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉൽസവകാലങ്ങളിലെ വ്യാജമദ്യ വിൽപ്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉത്സവകാലങ്ങളിൽ കൺട്രോൾ റും ജില്ലാ ആസ്ഥാനങ്ങളിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ മേൽനോട്ടത്തിലും താലൂക്കുകൾ കേന്ദ്രീകരിച്ച് സർക്കിൾ ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കർശനമാക്കുകയും ബോർഡർ പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യാറുണ്ട്. വ്യാജമദ്യ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രങ്ങളിൽ തുടർച്ചയായി റെയ്ഡ് നടത്തിയും മദ്യ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് നിരന്തരം സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്നു. ജനകീയ കമ്മിറ്റികൾ യഥാസമയം വിളിച്ചുകൂട്ടുകയും വ്യാജമദ്യത്തിനെതിരായ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു.

(സി) പോലീസ്, റവന്യൂ, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

ബാർ ലൈസൻസ്

107 (4163) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ബാറുകൾക്ക് ലൈസൻസ് നൽകി ;

(ബി) നിലവിൽ വന്ന ബാറുകളുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) ദൂരപരിധി അടക്കമുള്ള ഏതെങ്കിലും മാനദണ്ഡങ്ങൾ ലംഘിച്ച് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏത് ബാറിനാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 132 ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

നക്ഷത്ര പദവികൾ ലഭിച്ചിട്ടുള്ള ബാർ ഹോട്ടലുകൾ

108 (4164) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നക്ഷത്ര പദവികൾ ലഭിച്ചിട്ടുള്ള എത്ര ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ ഫൈവ്, ഫോർ, ത്രീ സ്റ്റാർ പദവികൾ കരസ്ഥമാക്കിയിട്ടുള്ള എത്ര ഹോട്ടലുകൾ വീതമുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly